ത്തേക്കു നടന്ന നിയമനം റദ്ദു ചെയ്യാൻ ഗവൺമെൻറിനധികാരമുണ്ടോ എന്നുള്ളത് അറിയാൻവയ്യ. അതുകൊണ്ടു ലാ ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചേ മറുപടി പറയാനൊക്കുകയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: എറണാകുളത്തെ ഗവൺമെൻറ് പ്ലീഡർ കെ. എം. ജോസഫ് എന്ന ആളിൻെറ പേര് ആദ്യത്തെ ലിസ്റ്റിൽ ഉണ്ട്. അദ്ദേഹം ശ്രീ. കെ. എം. ജോർജിൻെറ സഹോദരനാണെന്നുള്ളതു ശരിയാണോ?

ശ്രീ. കെ. എം. ജോർജ്ജ്: സർ, എനിക്കു ഏകസഹോദരനാണുള്ളത്. ചാക്കോ എന്നാണു പേര്. ആറോ ഏഴോ ക്ലാസേ പഠിച്ചിട്ടുള്ളു. കൃഷിക്കാരനാണ്.

ശ്രീമതി കെ. ആർ. ഗൗരി: ആണോ എന്നാണു ചോദിച്ചത്. മുഖ്യമന്ത്രി മറുപടി പറഞ്ഞാൽ മതി.

ശ്രീ. സി. അച്യുതമേനോൻ: എന്നെക്കാളും ആധികാരികമായി പറയാൻ അധികാരമുള്ള ആളാണല്ലോ മറുപടി പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: ആദ്യത്തെ ലിസ്റ്റിൽ ഉണ്ടായിരുന്ന ആളാണോ?

ശ്രീ. സി. അച്യുതമേനോൻ: ആദ്യത്തെ ലിസ്റ്റിൽ ഉണ്ടായിരുന്ന ആളല്ല. 260 രൂപ ഇൻകംടാക്സ് കൊടുത്തിരുന്ന ആളാണ്.

ശ്രീമതി കെ. ആർ. ഗൗരി: കോട്ടയം ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡറായി നിയമിച്ചിരിക്കുന്ന പി. എൻ. കേശവൻ മുൻപു കളക്ടറായിരുന്ന (കളക്ടറെന്നു പറഞ്ഞാൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കളക്ടർ) ആളിൻെറ ആളാണോ?

ശ്രീ. സി. അച്യുതമേനോൻ: ശ്രീ. പി. എൻ. കേശവൻ പണ്ടു സ്റേറററ് കോൺഗ്രസ്സിൻെറ പ്രവർത്തകനായിരുന്നു. 1948-ൽ അദ്ദേഹം പാർട്ടിയിൽനിന്ന് രാജിവച്ചുപോയി. അതിനുശേഷം രാഷ്ട്രീയരംഗത്ത് കാര്യമായൊന്നും പ്രവർത്തിക്കാതെ വക്കീൽപ്പണി നോക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീമാൻ ജയചന്ദ്രനാണ്. ആ പ്രൈവറ്റ് സെക്രട്ടറി അയച്ച ലിസ്റ്റിൽ നിന്നാണോ എടുത്തതെന്നാണു ചോദിച്ചത്.

ശ്രീ. സി. അച്യുതമേനോൻ: ചില സ്ഥലത്ത് രണ്ടാമതു ലിസ്റ്റു വരുത്താറുണ്ട്.

WRITTEN ANSWERS

പ്ലാനിംഗ് കൗൺസിൽ

* 162 [594] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത ഒരു പ്ലാനിംഗ് കൗൺസിൽ രൂപീകരിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ പ്ലാനിംഗ് കൗൺസിൽ എന്നത്തേക്കാണ് രൂപീകരിക്കുക;

(സി) ഈ കൗൺസിലിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് പ്രാതിനിധ്യം നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് പ്ലാനിംഗ് കൗൺസിലിൽ പ്രാതിനിധ്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ)

(എ) ഒരു സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി കൗൺസിൽ എന്നത്തേക്ക് രൂപീകരിക്കുവാൻ സാധിക്കുമെന്നു കൃത്യമായി പറയുവാൻ നിവൃത്തിയില്ല. ടി കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് എത്രയുംവേഗം പുറപ്പെടുവിക്കാൻ നടപടികൾ എടുത്തുവരുന്നു.

(സി) നിർദ്ദിഷ്ട പ്ലാനിംഗ് അഡ്വൈസറി കൗൺസിലിന്റെ ഘടന താഴെപറയും പ്രകാരമാണ്:

1.	പാർലമെന്റിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന ഓരോ രാഷ്ട്രീയപാർട്ടിയുടെയും ഓരോ മെംബർ	5
2.	പ്രതിപക്ഷ നേതാവ്	1
3.	സംസ്ഥാന പ്ലാനിംഗ് ബോർഡിലെ മെംബർമാർ	10
4.	ട്രേഡ്യൂണിയൻ പ്രതിനിധികൾ	4
5.	കർഷകപ്രതിനിധികൾ	4
6.	കർഷകത്തൊഴിലാളിപ്രതിനിധികൾ	4
7.	സംസ്ഥാന അസംബ്ലിയിൽ ഓരോ രാഷ്ട്രീയ പാർട്ടിയേയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ	12
8.	സ്വതന്ത്ര മെംബർ	1
9.	വാണിജ്യമണ്ഡലങ്ങളുടെയോ മറ്റു വ്യവസായികളുടെയോ ഉൽപ്പാദകരുടെയോ പ്രതിനിധികൾ	2
10.	ചെറുകിടവ്യവസായികളുടെസംഘടന	2
11.	സഹകരണ പ്രസ്ഥാനം	1
12.	സാമൂഹ്യപ്രവർത്തകർ	1
13.	സാംസ്ക്കാരിക പ്രവർത്തകർ	1
14.	മറ്റു പ്രശസ്ത വ്യക്തികൾ	3
15.	സെക്രട്ടറി	1
	ആകെ	51

(ഡി) ഉദ്ദേശിക്കുന്നില്ല.

നാലാം പദ്ധതിയുടെ രൂപരേഖ

* 163 [597] ശ്രീ. പി. പി. ജോർജ്ജ്:

,, സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) നാലാം പദ്ധതിയുടെ രൂപരേഖ തയ്യാറായി കഴിഞ്ഞുവോ;

LIBRARY ARCHIVES Kerala Legislative Assembly